# ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തിന്റെ കർമ മാതൃക

● കവർസ്റ്റോറി

**തഫ്സൽ ഇഅ്ജാസ്**

**ഖുർആനിലും** സുന്നത്തിലുമധിഷ്ഠിതമായ കർമ മാതൃകയാണ് ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തിന്റേത്. ഖുർആനും സുന്നത്തും പഠിപ്പിക്കുന്ന ധാർമിക പരിധികൾ പാലിച്ചുകൊണ്ടുള്ളതായിരിക്കും അതിന്റെ സകല പ്രവർത്തനങ്ങളും. ഉദ്ദേശ്യ-ലക്ഷ്യങ്ങളുടെ സഫലീകരണത്തിന് സമാധാനപൂർണവും നിർമാണാത്മകവുമായ മാർഗങ്ങളും നിയമവിധേയമായ ബോധവൽക്കരണ-പരിശീലന-പ്രചാരണ രീതികളും അവലംബിക്കുക എന്നതും സത്യസന്ധതക്കും വിശ്വസ്തതക്കും നിരക്കാത്തതോ വർഗീയ വിദ്വേഷവും വർഗസംഘട്ടനവും വിനാശവും ഇളക്കിവിടുന്നതോ ആയ മുഴുകാര്യങ്ങളിൽനിന്നും വിട്ടുനിൽക്കുക എന്നതും സംഘടനയുടെ കർമപരിപാടിയുടെ അടിസ്ഥാന സവിശേഷതകളായി സ്വീകരിച്ചിരിക്കുന്നു.

ഖുർആനിലും സുന്നത്തിലുമധിഷ്ഠിതമായ കർമ മാതൃകയെന്നത് പ്രവാചകന്മാരുടെ കർമമാതൃകയാണ്. ആദർശ പ്രബോധനം (ദഅ്വത്ത്) ആണ് അതിന്റെ അടിസ്ഥാനഭാവം. പ്രബോധനം എന്നത് പ്രവാചകന്മാരുടെ സകല പ്രവർത്തനങ്ങളിലും അലിഞ്ഞുചേർന്നതായി നമുക്ക് കാണാൻ സാധിക്കും. ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനവും, അതിന്റെ സകല തലങ്ങളിലും വൈവിധ്യമാർന്ന പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കുമ്പോഴെല്ലാം അടിസ്ഥാനപരമായി ലക്ഷ്യംവെക്കുന്നത് ഇസ്‌ലാമിന്റെ സന്ദേശം വിദ്യാർഥികൾക്ക് സമർപ്പിക്കുക എന്നതും അതിലേക്ക് അവരെ ക്ഷണിക്കുക എന്നതും തന്നെയായിരിക്കും. ദഅ്വത്ത് എന്നത് നമ്മുടെ പ്രവർത്തനങ്ങളുടെ മൗലിക സവിശേഷതയാണ് എന്നതിനാൽതന്നെ അതിന് ഉപയുക്തമായ ജീവിത സംസ്കാരവും പ്രവർത്തന സംസ്കാരവും സ്വീകരിക്കാൻ നാം നിർബന്ധിതരാണ്. നമ്മെ സംബന്ധിച്ചേടത്തോളം നമ്മുടെ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും പ്രചാരണത്തിന്റെയും അന്തസ്സത്ത ഇസ്‌ലാമായിരിക്കണം. ജീവിതത്തിൽനിന്ന് വേറിട്ടതാവരുത് പ്രവർത്തനം; ഇവ രണ്ടും ഇസ്‌ലാമിൽനിന്നും. സ്വയം ജീവിതത്തിൽ നടപ്പിലാക്കാത്തത് പ്രബോധനം ചെയ്യരുതെന്നും അത് അല്ലാഹുവിങ്കൽ അങ്ങേയറ്റം വെറുക്കപ്പെട്ടതാണെന്നും ദൈവ മാർഗത്തിൽ ഐക്യദാർഢ്യത്തോടുകൂടി ജിഹാദ് ചെയ്യുന്നവരെയാണ് അല്ലാഹു

ഇഷ്ടപ്പെടുന്നത് എന്നുമാണല്ലോ ഖുർആന്റെ പാഠം (*അസ്സ്വഫ്*: 2,3,4).

ഇസ്‌ലാമികമായ അവബോധത്തോടുകൂടി സ്വന്തത്തെയും സമൂഹത്തെയും ലോകത്തെയും സമീപിക്കുമ്പോഴുണ്ടാകുന്ന തിരിച്ചറിവുകൾക്കനുസൃതമായി സ്വയം പരിവർത്തിപ്പിക്കുമ്പോഴാണ് സമരാത്മകമായ ജീവിത പ്രവർത്തന സംസ്കാരം ഉണ്ടായിത്തീരുന്നത്. ഇതില്ലാതെ ഇസ്‌ലാമിക പ്രബോധനം സാധ്യമല്ല എന്ന് മാത്രമല്ല, ഇതു തന്നെയാണ് അടിസ്ഥാനപരമായ ദഅ്‌വത്ത്. പ്രവാചകന്മാരെ അവരുടെ സമൂഹങ്ങളുമായി ബന്ധിപ്പിച്ചത് ദഅ്‌വത്താണെന്നതുപോലെത്തന്നെ ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തെയും പൊതു വിദ്യാർഥി സമൂഹവുമായി ഇസ്‌ലാമികമായി ബന്ധിപ്പിക്കുന്നത് ദഅ്‌വത്ത് തന്നെയായിരിക്കണം. കർമത്തിലൂടെയും വചനത്തിലൂടെയും വിദ്യാർഥി സമൂഹത്തിനുമുമ്പിൽ ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യാത്തതായ സകല ബന്ധങ്ങളെയും നിരാകരിക്കാൻ നമുക്ക് സാധിക്കണം. അതോടൊപ്പംതന്നെ ഇസ്‌ലാമികമായ അർഥത്തിലുള്ള അഗാധമായ ബന്ധം വിദ്യാർഥികളുമായി സ്ഥാപിക്കാനും വളർത്താനും നമുക്ക് കഴിയണം. ഈയൊരു ബന്ധത്തിലൂടെയാണ് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കുന്ന തിരിച്ചറിവുകൾ നേടിയെടുക്കാനും വിദ്യാർഥി സമൂഹത്തെ പരിവർത്തിപ്പിക്കുന്ന തിരിച്ചറിവുകൾ പകരാനും നമുക്ക് സാധിക്കുകയുള്ളൂ. അതിനാൽതന്നെ, ദഅ്‌വത്ത് എന്നത് വിദ്യാർഥി സമൂഹവുമായുള്ള നമ്മുടെ ബന്ധത്തിന്റെ ഇസ്‌ലാമികമായ പുനർനിർമാണത്തെയാണ് കുറിക്കുന്നത്. ഇത്തരത്തിൽ പുനർനിർണയിക്കപ്പെട്ട മാനുഷികബന്ധത്തിന്റെ മാധ്യമത്തിലൂടെയാണ് നമ്മുടെ പ്രബോധനം നിർവഹിക്കപ്പെടേണ്ടത്. വിഗ്രഹങ്ങളുടെയും മിഥ്യകളുടെയും അവലംബത്തിൽ സൃഷ്ടിക്കപ്പെടാവുന്നതല്ല ഈ വ്യതിരിക്തമായ ബന്ധം. മറിച്ച് നമ്മുടെ ജീവിതം കൊണ്ട് ഇതരവിദ്യാർഥികളുടെ ജീവിതത്തെ നേർക്കുനേരെ അഭിസംബോധന ചെയ്യുമ്പോൾ മാത്രം രൂപപ്പെടുന്നതാണിത്. "(ഇബ്റാഹീം (അ) സ്വന്തം ജനത്തോടു പറഞ്ഞു): നിങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നു. മിഥ്യകളെ കെട്ടിച്ചമക്കുകയും ചെയ്യുന്നു. ഐഹികജീവിതത്തിൽ അല്ലാഹുവിനെ വിട്ട് വിഗ്രഹങ്ങളെ നിങ്ങൾക്കിടയിൽ സ്നേഹത്തിന്റെ മാധ്യമമാക്കിയിരിക്കുന്നുവല്ലോ. എന്നാൽ പുനരുത്ഥാനനാളിൽ നിങ്ങൾ പരസ്പരം നിഷേധിക്കും. തമ്മിൽ തമ്മിൽ ശപിക്കുകയും ചെയ്യും. അഗ്നിയായിരിക്കും നിങ്ങളുടെ സങ്കേതം. നിങ്ങൾക്ക് സഹായികളാരും ഉണ്ടായിരിക്കില്ല" (*അൽഅൻകബൂത്ത്*: 17-25).

നമുക്ക് നമ്മുടേതായ ഇസ്‌ലാമിക ജീവിതം ഉണ്ടാവുക എന്നതാണ് ഇതിന്റെ അടിസ്ഥാനം. ഇതിലൂടെയല്ലാതെ ഉണ്ടായിത്തീരുന്ന ബന്ധങ്ങളെല്ലാം ഉപരിപ്ലവങ്ങളായിരിക്കും. ഉപരിപ്ലവമായ കൈമാറ്റങ്ങൾ മാത്രം സാധിക്കാനുതകുന്നതുമായിരിക്കും. അതിനാൽതന്നെ, ഇസ്‌ലാമിന്റെ ആഴമേറിയ ദഅ്‌വത്ത് നിർവഹിക്കാൻ പര്യാപ്തവുമായിരിക്കില്ല.

നേർക്കുനേരെയുള്ള മനുഷ്യബന്ധങ്ങൾക്ക് പുറമെയുള്ള മാധ്യമങ്ങൾ, മിഥ്യാബോധങ്ങളെ കൈമാറ്റം ചെയ്യുന്നതിനും ദുർബലവും ഉപരിപ്ലവവുമായ കൂട്ടായ്മകളെയും ബന്ധങ്ങളെയും രൂപീകരിക്കുന്നതിനും പര്യാപ്തമായേക്കാം. പ്രബോധിതൻ, ഇത്തരം മാധ്യമങ്ങളുടെ അഭിസംബോധനത്തിൽ വെറും കേൾവിക്കാരനും കാഴ്ചക്കാരനുമായിത്തീരുന്നു; ജീവിതത്തിലൂടെ അല്ലെങ്കിൽ നിലപാടുകളിലൂടെ പ്രതികരിക്കാൻ നിർബന്ധിതനാവുന്നില്ല. അതിനാൽതന്നെ, ഇത്തരം മാധ്യമങ്ങളുടെ അമിത സ്വാധീനം മനുഷ്യനെ നിസ്സംഗനും നിഷ്ക്രിയനും ചിന്താശൂന്യനുമാക്കിത്തീർക്കുന്നു എന്നതാണ് വർത്തമാനകാലാനുഭവം. പ്രബുദ്ധതയും പ്രവർത്തനോന്മുഖതയും ഉളവാക്കുന്നില്ല. പ്രബോധകന്നും പ്രബോധിതന്നുമിടയിൽ മാധ്യമം ഒരു മറയായിത്തീരുമ്പോൾ ജീവിതം പ്രബോധന പ്രവർത്തനത്തിലെ മുഖ്യപ്രമേയമല്ലാതായിത്തീരുന്നു. എന്നാൽ ഇസ്‌ലാമിക പ്രബോധനമാവട്ടെ, മുസ്‌ലിമിന്റെ ഇസ്‌ലാമിക ജീവിതത്തിൽനിന്ന് ഉത്ഭവിക്കുന്നതാണ്. അതിന്റെ തേട്ടമാവട്ടെ, പ്രബോധിതന്റെ ജീവിതത്തിന്റെ പരിവർത്തനവും.

ഇക്കാരണത്താൽതന്നെ ലഭ്യമായ എല്ലാ പ്രചാരണ മാധ്യമങ്ങളെയും ഉപാധികളെയും ഉപകരണങ്ങളെയും യാതൊരു തത്ത്വദീക്ഷയുമില്ലാതെ പരമാവധി ഉപയോഗപ്പെടുത്തുക എന്നത് ഇസ്‌ലാമിക പ്രബോധന-പ്രവർത്തനങ്ങളുടെ വികാസമായി നമുക്ക് കണക്കാക്കാനാവില്ല. ഇസ്‌ലാമിക പ്രബോധനത്തിന്റെ അടിസ്ഥാന മുന്നുപാധിയായ മാനുഷിക ബന്ധങ്ങളുടെ ശാക്തീകരണം സാധിക്കുന്നതും അത് ലക്ഷ്യംവെച്ചുകൊണ്ടുള്ളതും ആയിരിക്കണം നമ്മുടെ മാധ്യമ സമീപനം.

നേർക്കുനേരെയുള്ള ബന്ധങ്ങളിലേക്കെത്തിച്ചേരുക എന്നതാണ് നാം ആഗ്രഹിക്കുന്നത്. അതിനുള്ള പ്രാഥമികഘട്ടം എന്ന രീതിയിൽ മാധ്യമോപാധികൾ ഉപയോഗപ്പെട്ടേക്കാം. എന്നാൽ നേർക്കുനേരെയുള്ള ബന്ധവും പ്രബോധനവും സാധ്യമാവുന്ന അവസ്ഥകളിൽ മറ്റു മാധ്യമങ്ങൾ തേടുകയും അവലംബിക്കുകയും ചെയ്യുക എന്നത് അഭിലഷണീയമല്ല. പ്രവാചകന്മാരെക്കുറിച്ച് ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക: "(പ്രവാചകരേ) താങ്കൾക്ക് മുമ്പ് നാം നിയോഗിച്ച ദൂതന്മാരെല്ലാം അന്നം തിന്നുന്നവരും അങ്ങാടിയിൽ നടക്കുന്നവരും തന്നെയായിരുന്നു..." (*അൽ ഫുർഖാൻ*: 20). ജനങ്ങൾക്കിടയിൽ, അവരുടെ ഭാഗമായി ജീവിച്ചു എന്നതാണ് പ്രവാചകന്മാരുടെ സവിശേഷത. മനുഷ്യരിൽനിന്ന് വേറിട്ടുനിൽക്കുന്ന ഒരു പ്രവർത്തന സംസ്കാരം നമുക്ക് സ്വീകാര്യമല്ല; യോജിച്ചതുമല്ല. മനുഷ്യർക്കിടയിൽ ഇടപഴകിക്കൊണ്ട്, അവരോട് നിരന്തരം സംവദിച്ച്, അവരോടൊപ്പം പ്രവർത്തിച്ച് വികസിക്കേണ്ടതാണ് നമ്മുടെ പ്രവർത്തനങ്ങൾ. ജനങ്ങളുമായി ഇഴുകിച്ചേർന്ന്, അവരിൽനിന്നുള്ള ബുദ്ധിമുട്ടുകൾ സഹിക്കുന്ന സത്യവിശ്വാസി അങ്ങനെയല്ലാത്തവനേക്കാൾ ഉത്തമനാണ് എന്നാണ് മുഹമ്മദ് നബി (സ) നമ്മെ പഠിപ്പിക്കുന്നത്. ഈമാന്റെ ഉത്കൃഷ്ടതയായി മനുഷ്യരോടുള്ള ബന്ധത്തെ ഇസ്‌ലാം പരിഗണിക്കുന്നു. മനുഷ്യർക്കിടയിൽ, വിശിഷ്യാ വിദ്യാർഥി സമൂഹത്തിനിടയിൽ ഏതെങ്കിലുമൊരർഥത്തിലുള്ള അകൽച്ചയോ വിദ്വേഷമോ ചേരിതിരിവോ സൃഷ്ടിക്കുന്ന പ്രവർത്തന സംസ്കാരം ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തിനില്ല. മറിച്ച്, ഉള്ള അകൽച്ചകൾ ഇല്ലാതാക്കി സംവാദാത്മകമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് അതിന്റെ മുഖ്യ പരിപാടികളിൽപെട്ടതാണ്.

ഈയൊരു പ്രവർത്തന സംസ്കാരം നമ്മുടെ സംഘടനാ ഘടനയുടെ രൂപീകരണത്തെയും നിർണായകമായി സ്വാധീനിക്കുന്ന ഒന്നാണ്. പ്രവാചകന്മാർ തങ്ങളുടെ അനുയായികളുടെ സമൂഹത്തിന് വിഭാവന ചെയ്ത ഘടന തന്നെയായിരിക്കണം അടിസ്ഥാനപരമായി നമ്മുടെയും മാതൃകയാവേണ്ടത്. മനുഷ്യർക്കിടയിൽ ഇഴുകിച്ചേർന്നുകൊണ്ടുള്ള ഇസ്‌ലാമിന്റെ പ്രവർത്തന സംസ്കാരം സ്വന്തം അനുയായികൾക്ക് പ്രായോഗിക മാതൃകയിലൂടെയാണ് പ്രവാചകന്മാർ പഠിപ്പിച്ചുകൊടുത്തത്. ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തിന്റെ നേതൃസങ്കൽപത്തെയും സംഘടനാ സങ്കൽപത്തെയും ഗണ്യമായി സ്വാധീനിക്കുന്ന ഒന്നാണ് പ്രവാചകന്മാരുടെ ഈ മാതൃക. ഈ മാതൃക കണക്കിലെടുക്കാതെയുള്ള, സംഘടനാ ഘടനയിൽ, സംഘടനയുടെ ദൈനംദിന നടത്തിപ്പിനും മേൽനോട്ടത്തിനും വേണ്ടി വളരെയധികം ആളുകളെ നിയോഗിക്കേണ്ടി വരുന്നു. ഇതിന്റെ ഫലമായി, സംഘടനയുടെ സമൂഹത്തിലുള്ള യഥാർഥ വളർച്ചക്ക് അത്യന്താപേക്ഷിതമായ പ്രാദേശിക തലങ്ങളിലും കാമ്പസുകളിലുമുള്ള വ്യക്തി സമ്പർക്ക പ്രബോധന പ്രവർത്തനങ്ങൾക്ക് തന്ത്രപ്രധാനമായ കഴിവുകളുള്ള ഒരു വലിയ പ്ര

വർത്തന വിഭാഗത്തെ തീരെ ലഭിക്കാതെ പോവുന്നു. വൈജ്ഞാനിക യോഗ്യതകളും നേതൃസംഘാടന പാടവവുമുള്ള പ്രവർത്തകരുടെ സാന്നിധ്യം, പ്രാദേശിക-കാമ്പസ് തലങ്ങളിലുള്ള പ്രവർത്തകരുടെ തർബിയത്തും ബഹുമുഖമായ വളർച്ചയും യഥാവിധി ഉണ്ടായിത്തീരാനും അനിവാര്യമാണ്. അതിനാൽതന്നെ, വളരെ തന്ത്രപ്രധാനമായ സംഗതികളിലേക്ക് മാത്രമായി മേൽഘടനകളിലുള്ള സംഘടനാ ഭാരം ലഘൂകരിക്കുകയെന്നത് വിദ്യാർഥികളുടെ പ്രസ്ഥാനത്തിന് ഒഴിച്ചുകൂടാനാവാത്തതാണ്.

നേരത്തേ വിവരിച്ചതിൽനിന്ന്, നമ്മുടെ ആദർശ-ദൗത്യങ്ങളുടെ താൽപര്യങ്ങൾ നമ്മുടെ ജീവിത-കർമമാതൃകയിൽ തന്നെ ലയിച്ചുചേർന്നിരിക്കുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കും. അതിനാൽ തന്നെ, നമ്മുടെ മുഴുവൻ പ്രവർത്തനങ്ങളിലും ഇസ്‌ലാമികമായ ധാർമിക മൂല്യങ്ങൾ മുറുകെ പിടിക്കാനും അവയിൽനിന്ന് വ്യതിചലിച്ചുപോവാതിരിക്കാനും നാം ബാധ്യസ്ഥരാണ്. യാതൊരു തരത്തിലുള്ള പ്രകോപനങ്ങളും പ്രലോഭനങ്ങളും നമ്മെ വ്യതിചലിപ്പിക്കാൻ പാടുള്ളതല്ല. കാരണം, നാം വിദ്യാർഥികളെ ക്ഷണിക്കുന്നത് വിദൂര ഭാവിയിൽ ആകാശത്തുനിന്ന് പൊട്ടിവീഴുന്നതോ ഭൂമിയിൽ പൊട്ടിമുളക്കുന്നതോ ആയ വിപ്ലവത്തിന്റെ സ്വപ്നത്തിലേക്കല്ല. മറിച്ച് നമ്മുടെ തന്നെ ജിവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഇസ്‌ലാമികമായ പരിവർത്തനത്തിൽ ഭാഗഭാക്കാവാനാണ്. പരലോകത്തെ സ്വർഗപ്രാപ്തിപോലും നമ്മുടെ ജീവിത സംസ്കരണത്തിന്റെ ആത്യന്തിക പരിണതിയായാണ് നാം കാണുന്നത്. ആത്മവിചാരണപ്രധാനമായ ജിഹാദിന്റെ വക്താക്കളാണ് നാം. കാരണം ജിഹാദ് ചെയ്യുന്നത് അവനവന് വേണ്ടിത്തന്നെയാണ് എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത് (*അൽ അൻകബൂത്ത്*: 6). ഭൗതികമായ അവസ്ഥകളുടെ പരിവർത്തനം നാം ലക്ഷ്യം വെക്കുന്നുണ്ടെങ്കിലും അതിന്റെ ഗതിമാന്ദ്യം നമ്മെ ആശങ്കപ്പെടുത്തുകയും നിരാശരാക്കുകയും ചെയ്യേണ്ടതില്ല. പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയും അവക്കുള്ള ഐഹികവും പാരത്രികവുമായ പ്രതിഫലങ്ങളും അല്ലാഹുവിന്റെ കാരുണ്യവും സഹായവും കൊണ്ടുമാത്രം കരഗതമാവുന്നതാണ്. ഇവയെല്ലാം അല്ലാഹുവിൽ ഭരമേൽപിക്കുന്ന തവക്കുൽ ആണ് നമുക്കാവശ്യമായിട്ടുള്ളത്. പ്രലോഭനങ്ങളും പ്രകോപനങ്ങളും പ്രതിബന്ധങ്ങളും കാര്യമാക്കാതെ നിരന്തരം പ്രവർത്തിക്കുക എന്നതുതന്നെയാണ് നമ്മുടെ ദൗത്യം. ഭൗതികമായ ഫലപ്രാപ്തിയെക്കുറിച്ച അനിസ്‌ലാമികമായ ആശങ്കകൾ കൈയൊഴിക്കുന്നതിലൂടെ മാത്രമേ, ഇസ്‌ലാമികമായ മൂല്യങ്ങൾക്കനുസൃതമായും അവയിൽനിന്ന് വ്യതിചലിച്ചുപോവാതെയും പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി മുന്നോട്ടുപോവാൻ സാധിക്കുകയുള്ളൂ. നമ്മൾ നമ്മളല്ലാതായിത്തീർന്ന് ആളെക്കൂട്ടേണ്ടതില്ല. അങ്ങനെയാവുമ്പോൾ ഈ ആൾക്കൂട്ടത്തെ നമുക്കുചുറ്റും നിലനിർത്താൻ നാം പിന്നെയും കൂടുതൽ നമ്മിൽനിന്നുതന്നെയും ഇസ്‌ലാമിൽനിന്നും അകലേണ്ടിവരും. ഇതാവരുത് നമ്മുടെ പ്രവർത്തന-നയ സമീപനങ്ങളുടെ വികാസം.

നമ്മുടെ പ്രവർത്തന പരിപാടികളെല്ലാം ഇസ്‌ലാമിന്റെ വ്യക്തമായ സാക്ഷ്യങ്ങളാകുന്നു. മറ്റു സംഘങ്ങളുടെ അജണ്ടകളും കാഴ്ചപ്പാടുകളും പ്രവർത്തനങ്ങളും നാം ഏറ്റുപിടിക്കേണ്ടതില്ല; അവ നമുക്കും ഇതര വിദ്യാർഥികൾക്കും എത്ര ആകർഷകമായിതോന്നുന്നതാണെങ്കിലും; അവയിലൂടെ വിദ്യാർഥികളെ എത്രമേൽ ആകർഷിക്കാൻ സാധിക്കുമെങ്കിലും. എന്നുവെച്ച്, വിദ്യാർഥികളും വിദ്യാഭ്യാസവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിലിടപെടാനുള്ള നമ്മുടെ ബാധ്യത ഇല്ലാതായിത്തീരുന്നില്ല. ഇത്തരം പ്രവർത്തനങ്ങൾ തുടങ്ങേണ്ടത്, പ്രശ്നങ്ങളുടെ മർമം എന്ത് എന്ന് ഇസ്‌ലാമികമായി നിർണയിക്കുന്നതിൽനിന്നാണ്. പ്രശ്നത്തിന്റ അടിസ്ഥാന സ്വഭാവത്തെക്കുറിച്ച് നാം നിർധാരണം ചെയ്തെടുത്ത ഇസ്‌ലാമികമായ അവബോധം വിദ്യാർഥി സമൂഹത്തിലേക്ക് പകരുക എന്നതായിരിക്കണം നമ്മുടെ തുടർപ്രവർത്തനങ്ങളുടെയെല്ലാം സുപ്രധാന ലക്ഷ്യം. അതോടൊപ്പം ഉണ്ടായിത്തീരേണ്ട പ്രക്ഷോഭ-പ്രചാരണ പ്രവർത്തനങ്ങളിലെല്ലാം ഇസ്‌ലാമിക സ്വഭാവം വെച്ചുപുലർത്താനും വിനാശകരവും നിഷേധാത്മകവുമായ രീതിശാസ്ത്രങ്ങളിൽനിന്ന് വിട്ടുനിൽക്കാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്. വിദ്യാർഥികൾക്കിടയിൽ ഇസ്‌ലാമികമായ അവബോധം ഊട്ടിവളർത്തുക എന്ന അടിസ്ഥാന പ്രവർത്തനത്തിൽനിന്ന് നമ്മെ വ്യതിചലിപ്പിക്കുന്നതാവരുത് നമ്മുടെ പ്രവർത്തന സമീപനങ്ങളൊന്നും. ഈയൊരു അവബോധത്തിന്റെ വിദ്യാർഥികൾക്കിടയിലുള്ള വളർച്ചയുടെ അടിസ്ഥാനത്തിൽ മാത്രമേ വിദ്യാർഥി സമൂഹത്തെ പരിവർത്തിപ്പിക്കുകയെന്ന നമ്മുടെ ഉദ്ദേശ്യം സാധ്യമാവുകയുള്ളൂ. "തീർച്ചയായും ഒരു സമൂഹത്തെയും അല്ലാഹു പരിവർത്തിപ്പിക്കുകയില്ല; അവർ അവരുടെ മനസ്സുകളിലുള്ളതിനെ പരിവർത്തിപ്പിക്കുന്നതുവരെ"(*അർറഅ്ദ്*: 11).

നമ്മുടെ കാമ്പസ് പ്രവർത്തനങ്ങളിൽ ഏറ്റവും മുൻഗണന അർഹിക്കുന്നത് ഇസ്‌ലാമികമായ ജീവിത പ്രവർത്തന സംസ്കാരത്തെ സൃഷ്ടിച്ച് വളർത്തിയെടുക്കുകയെന്നതാണ്. ഗ്രന്ഥങ്ങളിലൊതുങ്ങിയ ഖുർആന്റെയും സുന്നത്തിന്റെയും കാമ്പസുകളിലുള്ള ആവിഷ്കാരത്തിന്റെ സമയം അതിക്രമിച്ചിരിക്കുന്നു. ഇസ്‌ലാമിന്റെ ഏതെങ്കിലും വശങ്ങൾ പ്രതിനിധാനം ചെയ്യുന്ന വിദ്യാർഥികളോ സംഘങ്ങളോ കാമ്പസുകളിൽ ഇല്ലാതില്ല. എന്നാൽ ഇസ്‌ലാം മുസ്‌ലിം വിദ്യാർഥി സമൂഹത്തിനുമേൽ ബാധ്യതയേൽപിച്ച സമരാത്മകമായ പഠനത്തിന്റെയും ജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും സമ്പൂർണമായ മാതൃക ഇന്നും കാമ്പസുകളിൽ പ്രത്യക്ഷപ്പെട്ടിട്ടില്ല. ഈ സമ്പൂർണ മാതൃകയുടെ കെട്ടിപ്പടുക്കലിൽ മൂല്യങ്ങളും പ്രചോദനങ്ങളും സ്വീകരിക്കേണ്ടത് ഇസ്‌ലാമിന്റെ മൗലിക സ്രോതസ്സുകളിൽനിന്നുതന്നെയായിരിക്കണം.

ഭീരുത്വത്തിന്റെ ആത്യന്തിക രൂപങ്ങളായ വീമ്പിളക്കലും ഗുണ്ടായിസവും, കലാ-കായികമണ്ഡലങ്ങളിലും കാമ്പസ് ജീവിതത്തിലും നടമാടുന്ന മൂല്യത്തകർച്ചയും സാംസ്കാരിക വൈകൃതങ്ങളും കോമാളിത്തങ്ങളും, പുതിയ ലോകത്തിന്റെ കോർപറേറ്റ് ഘടനയിൽ സ്വന്തം സുരക്ഷിത സ്ഥാനം ഉറപ്പിക്കാനുള്ള കരിയറിസ്റ്റ് വ്യഗ്രതകളും അതിനുവേണ്ടിയുള്ള പഠന - പഠനേതര പരിശീലന - ബോധവൽക്കരണ പരിപാടികളുമെല്ലാംകൂടി കാമ്പസുകളെ അങ്ങേയറ്റം മലീമസമാക്കിയിരിക്കുകയാണ്. ഈ ജീർണതകളും അവയെ പോഷിപ്പിക്കുന്ന ബാഹ്യ വെല്ലുവിളികളും വിദ്യാർഥികളെയും വിദ്യാഭ്യാസവ്യവസ്ഥയെയും, വിജ്ഞാനത്തെപ്പോലും അട്ടിമറിക്കുകയും ഇവയെ പ്രതിനിധാനം ചെയ്യുന്ന ശക്തികളുടെ താൽപര്യങ്ങൾക്കനുസൃതമായി മാറ്റിത്തീർക്കുകയുമാണ്. പഠന-പഠനേതര പ്രവർത്തനങ്ങളിലെല്ലാം ഇവയുടെ സ്വാധീനം വളരെ വ്യക്തമായിക്കഴിഞ്ഞു. ഇവക്കനുസൃതമല്ലാത്ത പ്രവർത്തനരീതികൾക്കൊന്നും വിദ്യാർഥികളെ 'ആകർഷിക്കാൻ' പോലും സാധിക്കാത്ത തരത്തിലുള്ള ഗതികേടിലാണ് ഇന്ന് കാര്യങ്ങളുള്ളത്. കാമ്പസ് ഇലക്ഷൻ, കലാ-കായിക പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഇന്ന് ഇക്കോലത്തിൽതന്നെ. ഉപരിപ്ലവവും മൂല്യരഹിതവും നിരർഥകവുമായ രീതികൾ സ്വീകരിക്കാനുള്ള സമ്മർദം നമ്മുടെ മേൽ വർധിച്ചുവരുമ്പോൾ, നാം അതിന് വഴിപ്പെട്ടാൽ സംഭവിക്കുക, നമ്മെയും ഇസ്‌ലാമിനെയും നഷ്ടപ്പെടുക എന്നതാണ്. വിദ്യാർഥികൾക്കു മുമ്പിൽ അവതരിപ്പിക്കാനുള്ള ഒരു ഇസ്‌ലാം നമുക്കുണ്ടാവില്ല. ആദർശം ജീവിതത്തിൽനിന്ന് നഷ്ട

പ്പെട്ടതും, ആളുകളെ കൂട്ടാനുള്ള പ്രകടനപരമായ പൊള്ളത്തരങ്ങളും ചെപ്പടിവിദ്യകളും മാത്രം കൈവശമുള്ളതും അടിസ്ഥാനപരമായി ഒരേ സ്വഭാവത്തിലുള്ളതും എന്നാൽ വിശദാംശങ്ങളിൽ മാത്രം ചില്ലറ വ്യത്യാസങ്ങളുള്ളതുമായ കുറേ വിദ്യാർഥി സംഘടനകൾ സ്വാധീനത്തിനുവേണ്ടി മത്സരിക്കുന്ന ഉത്തരാധുനിക അവസ്ഥയുടെ ഭാഗമായി നാമും മാറും. ഇങ്ങനെ സംഭവിക്കുകയാണെങ്കിൽ – അല്ലാഹു കാക്കട്ടെ –ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തെ പിരിച്ചുവിടുകയായിരിക്കും ഇസ്‌ലാമിനോട് നാം ചെയ്യുന്ന ഏറ്റവും വലിയ സേവനം.

വിദ്യാർഥി– വിദ്യാഭ്യാസ – കാമ്പസ് പ്രശ്നങ്ങളിൽ വ്യക്തമായ ഇസ്‌ലാമിക കാഴ്ചപ്പാടുകൾ രൂപീകരിക്കാനും തദടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ വേണ്ടത്ര രീതിയിലും അളവിലും ഇടപെടാനും പ്രശ്നപരിഹാരങ്ങൾക്ക് ശ്രമിക്കാനും ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനം ബാധ്യസ്ഥമാണ്. ഈയൊരു മണ്ഡലത്തിൽ നയരൂപീകരണത്തിന് ചില അടിസ്ഥാനങ്ങൾ നമുക്കുണ്ടായിരിക്കേണ്ടതുണ്ട്. ഇസ്‌ലാമിൽനിന്നുള്ള അഥവാ ഇസ്‌ലാം വിദ്യ, വിദ്യാർഥി, വിദ്യാഭ്യാസം എന്നിവക്ക് നിർണയിച്ചുനൽകുന്ന ധർമങ്ങളിൽനിന്നുള്ള വ്യതിചലനമാണ് മേൽപറഞ്ഞ പ്രശ്നങ്ങളുടെയെല്ലാം അടിസ്ഥാന കാരണം. ഇസ്‌ലാമിന്റെ ഏതേത് മൂല്യങ്ങളാണ് ലംഘിക്കപ്പെടുന്നത് എന്നതാണ് ഏതൊരു പ്രശ്നത്തിന്റെയും മൂലകാരണങ്ങളെ നിർണയിക്കുന്നത്. അതിനാൽ തന്നെ, ഇസ്‌ലാമികാടിത്തറയിൽ കെട്ടിപ്പടുക്കാത്ത നിലവിലുള്ള വിദ്യാഭ്യാസ വ്യവസ്ഥയുടെയും വിജ്ഞാനങ്ങളുടെയും വിദ്യാർഥിസമൂഹത്തിന്റെയും പരിധികൾക്കുള്ളിൽനിന്നുകൊണ്ടുള്ള പ്രശ്നപരിഹാരം എന്നത് പലപ്പോഴും അസാധ്യവുമാണ്. ഇവയുടെയൊക്കെ ഇസ്‌ലാമികമായ അടിത്തറയിലുള്ള പുനർനിർമാണത്തിലൂടെ മാത്രമേ മൗലികമായ പരിഹാരങ്ങൾക്കുള്ള അടിസ്ഥാന ഭൂമിക ഒരുങ്ങുന്നുള്ളൂ. ■

(എസ്.ഐ.ഒ മുൻ കേന്ദ്ര സമിതിയംഗമാണ് ലേഖകൻ)